(സി) ബാധകമാണ്.

(ഡി) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(ഇ) 19-5-2004-ൽ ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല.

(എഫ്) മാനദണ്ഡമനുസരിച്ചുള്ള തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) ബി. ടെക്. (ആർക്കിടെക്ട്) വിഭാഗത്തിൽ തസ്തികകൾ അനുവദിക്കുന്നത് കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടാണ്; എന്നാൽ കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് തസ്തികകൾ അനുവദിക്കുന്നത് എ. ഐ. സി. റ്റി.യുടെ നിബന്ധനകൾക്ക് വിധേയമായാണ്.

സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം

77 [1481] ഡോ: എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ഏതെങ്കിലും യൂണിയനുകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഏതേതു സംഘടനകൾ എന്തൊക്കെയാണ് ഇക്കാര്യത്തിൽ നിവേദനം നൽകിയിട്ടുള്ളത്; ഇതിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികൾക്ക് നൽകുന്ന പാചകക്കൂലി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി കൂലി ലഭിക്കുന്ന ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കൂട്ടരുടെ ക്ഷേമത്തിന് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്കൂൾ പാചകത്തൊഴിലാളി സംഘടന സംസ്ഥാനത്തെ സമിതി കോഴിക്കോടും, സ്കൂൾ ശുചീകരണ പാചകത്തൊഴിലാളി കോൺഗ്രസ് (INTUC), കൊല്ലം എന്നീ സംഘടനകൾ 2003-ലും പാചകത്തൊഴിലാളി സംഘടന, തിരുവനന്തപുരം ജില്ലാ കമ്മിറ്റി, പാചകത്തൊഴിലാളി സംഘടന ആലപ്പുഴ ജില്ലാകമ്മിറ്റി എന്നീ സംഘടനകൾ 2004-ലും നിവേദനം നൽകിയിട്ടുണ്ട്. നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശ പ്രകാരം 2004 സെപ്റ്റംബർ മുതൽ പാചകക്കൂലി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് കേന്ദ്രസർക്കാരിന് നൽകിയിരിക്കുകയാണ്. തുക ലഭ്യമാകുന്ന മുറയ്ക്ക് വർദ്ധിപ്പിച്ച നിരക്ക് നൽകുന്നതാണ്.

(സി) ആന്റ് (ഡി) പരിഗണനയിലില്ല.

എസ്. എസ്. എ., എസ്. സി. ഇ. ആർ. ടി., സാക്ഷരതാമിഷൻ, ഓപ്പൺ സ്കൂൾ എന്നിവിടങ്ങളിലെ നിയമനം

78 [1482] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷത്തിനിടയിൽ എസ്.എസ്.എ., എസ്.സി.ഇ.ആർ.ടി., സാക്ഷരതാമിഷൻ, ഓപ്പൺ സ്കൂൾ എന്നിവിടങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിലോ ഓണറേറിയം വ്യവസ്ഥകളിലോ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അത്തരം ജീവനക്കാരുടെ പേരുവിവരവും അവർക്ക് ഏതേത് തസ്തികകളിലേയ്ക്കാണ് നിയമനം നൽകിയതെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഇനത്തിൽ നാളിതുവരെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇതിലേയ്ക്ക് ചെലവഴിച്ച തുക:

എസ്. എസ്. എ.—32,63,940 രൂപ

സാക്ഷരതാമിഷൻ—27,99,915 രൂപ

ഓപ്പൺ സ്കൂൾ—1,02,91,176 രൂപ

എസ്. സി. ഇ. ആർ. ടി.—26,78,240 രൂപ

ഹയർസെക്കണ്ടറി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തികയിൽ നിയമനം നടത്താൻ നടപടി

79 [1483] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ പുതുതായി ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ആകെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly